പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *346 — 11.05. 2017 ൽ മറുപടിക്ക്

# ഊർജ്ജ സംരക്ഷണ പദ്ധതികൾ

ചോദ്യം

ശ്രീ.ഐ.ബി.സതീഷ്

ശ്രീ. എ.എം.ആരിഫ്

പ്രൊഫ.കെ.യു.അരുണൻ

ശ്രീ.പി.ടി.എ.റഹീം

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി പ്രതിസന്ധി രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ഊർജ്ജ സംരക്ഷണത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; | എ) വൈദ്യുതി പ്രതിസന്ധി രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ഊർജ്ജ സംരക്ഷണത്തിനായി കെ.എസ്.ഇ.ബി എൽ താഴെ പറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.<br>(1)സർക്കാർ പ്രഖ്യാപിച്ച സി.എഫ്.എൽ/സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി ആക്കുന്ന പദ്ധതിയും സംസ്ഥാനത്തെ നിലവിലുള്ള തെരുവ് വിളക്കുകൾ മാറ്റി കാര്യക്ഷമത കൂടിയ എൽ.ഇ.ഡി ബൾബുകൾ ആക്കുന്ന പദ്ധതി.<br>(2) വൈദ്യുതി ബോർഡിന്റെ കെട്ടിടങ്ങളിൽ സ്റ്റാർ റേറ്റഡ് ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതി.<br>(3) കുടിവെള്ള പദ്ധതികളിലെ ഊർജ്ജ ക്ഷമത കുറഞ്ഞ പമ്പിംഗ് സമ്പ്രദായം ഊർജ്ജ ക്ഷമമാക്കുന്ന പദ്ധതി.<br>(4) കെ.എസ്.ഇ.ബി യുടെ മേൽനോട്ടത്തിലുള്ള 41 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലെയും ഇലക്ട്രിക് ഗീസറുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ള സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി<br>(5) ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് ബന്ധിത സൌരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി. |
| ബി) ഇതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയ്ക്ക് എൽ.ഇ.ഡി. ബൾബുകളും കാര്യക്ഷമതയുള്ള വൈദ്യുതോപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള | (ബി) സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം എന്ന പദ്ധതിയിലൂടെ 75 ലക്ഷം ഉപഭോക്താക്കൾക്ക് 2 എൽ.ഇ.ഡി ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ നൽകി വരുന്നു. |

| | |
|---|---|
| പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;<br><br>(സി)മുഴുവൻ തെരുവ് വിളക്കുകളും എൽ.ഇ.ഡി. ആക്കി മാറ്റുന്നതിനും അവയ്ക്ക് ഓട്ടോമാറ്റിക് നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്ന-തിനും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) കെ.എസ്.ഇ.ബി എൽ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് അവരുടെ നിർദ്ദേശപ്രകാരവും ഫണ്ട് ഉപയോഗിച്ചും തെരുവ് വിളക്കുകൾ എൽ.ഇ.ഡി ആക്കുന്നതിനും ഓട്ടോമാറ്റിക് നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>എനർജി മാനേജ്മെന്റ് സെന്റർ തെരുവു വിളക്കുകൾ, എൽ.ഇ.ഡി ആക്കി മാറ്റുന്നതിലൂടെ ഊർജ്ജലാഭം നേടാമെന്ന് കാണിക്കുന്നതിനുള്ള മാതൃകാ പൈലറ്റ് പദ്ധതിയായി കേരളത്തിലെ എല്ലാ മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 100 വീതം എൽ.ഇ.ഡി തെരുവു വിളക്കുകളും, ഓട്ടോമാറ്റിക്ക് നിയന്ത്രണ സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ